# സാമൂഹിക പ്രത്യാഘാത പഠനം

## ചിലവന്നൂർ ബണ്ട് റോഡ്
## പാലം നിർമ്മാണം

പൂണിത്തുറ വില്ലേജ്, കണയന്നൂർ താലൂക്ക്, എറണാകുളം ജില്ല

**0.1127 ഹെക്ടർ**

കരട് റിപ്പോർട്ട്

തീയതി : 19/10/2024

## റിക്വസിഷൻ അധികാരി
## കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് (കെ.എം.ആർ. എൽ)


കേരളാ വോളന്ററി ഹെൽത്ത് സർവ്വീസസ്

കളക്ട്രേറ്റ് പി.ഒ, മുള്ളൻകുഴി, കോട്ടയം : 686002

ഫോൺ : 0481 2572781, 2573875

E-mail :keralavhs@yahoo.co.in

Web :www.keralavhs.org

## ഉള്ളടക്കം


1. ആമുഖം

1.1 പദ്ധതിയും പൊതു ആവശ്യവും

1.2 പദ്ധതി പ്രദേശം

1.3. ഭൂമി ഏറ്റെടുക്കൽ - വ്യാപ്തിയും നടപടിക്രമങ്ങളും

(എ). ഭൂമി ഏറ്റെടുക്കൽ അധികാരി

(ബി). പദ്ധതി ബാധിതരുടെ സാമൂഹിക - സാമ്പത്തിക വിവരങ്ങൾ

(സി). ഏറ്റെടുക്കുന്ന ഭൂമിയുടെ വിവരണം.

1.4. പദ്ധതിയും നടപ്പാക്കൽ ഏജൻസിയും

(എ). നടപ്പാക്കൽ ഏജൻസി

(ബി). പദ്ധതി നിർവ്വഹണ ഘട്ടം

(സി). പദ്ധതി രൂപരേഖയുടെ വിശദാംശങ്ങൾ

(ഡി). പദ്ധതിക്ക് സഹായകരമായ മറ്റ് അടിസ്ഥാന സൗകര്യങ്ങളുടെ ആവശ്യകത

(ഇ). ആവശ്യമായ തൊഴിലാളികളുടെ (സ്ഥിരം/ താൽക്കാലികം) ആവശ്യകത

(എഫ്). സാമൂഹിക പ്രത്യാഘാത പഠനമോ, പരിസ്ഥിതി ആഘാത പഠനമോ മറ്റ് സാധ്യതാ പഠനങ്ങളോ നടത്തിയിട്ടുണ്ടെങ്കിൽ അതിന്റെ വിവരങ്ങൾ

(ജി). പദ്ധതിയെ ബാധിക്കുന്ന നിയമങ്ങളും നയങ്ങളും

1.5. പദ്ധതി സംബന്ധമായ ഇതര മാർഗ്ഗ നിർദ്ദേശങ്ങൾ

1.6. സമീപനവും രീതി ശാസ്ത്രവും

(എ). പശ്ചാത്തലം

(ബി). സാമൂഹിക പ്രത്യാഘാത പഠന യൂണിറ്റ് ടീമിന്റെ ഘടനയും വിവരങ്ങളും

(സി). പഠന സമീപനം

(ഡി). നടപടികളും സമയക്രമങ്ങളും

(ഇ). പദ്ധതി ബാധിതരുമായുള്ള കൂടിക്കാഴ്ചയിൽ ഉന്നയിക്കപ്പെട്ട പ്രധാന അഭിപ്രായങ്ങൾ

1.7. പദ്ധതി പ്രദേശത്ത് ഉണ്ടായേക്കാവുന്ന പൊതുവായ പ്രത്യാഘാതം
1.8. പദ്ധതി നേരിട്ടല്ലാതെ ബാധിക്കപ്പെടുന്ന കുടുംബങ്ങൾ
1.9. പദ്ധതി ബാധിക്കുന്ന പൊതു ഉപയോഗ വസ്തുക്കളുടെയും പൊതു സ്വത്തിന്റെയും വിവരണം.
1.10. സാമൂഹിക പ്രത്യാഘാതം
1.11. പ്രത്യാഘാത ലഘൂകരണം
1.12. പ്രത്യാഘാത ലഘൂകരണ നടപടികൾ
1.13. സാമൂഹിക പ്രത്യാഘാത പരിഹാര നിർവ്വഹണ പദ്ധതിയുടെ സ്ഥാപന ഘടനാ സംവിധാനം
1.14. സാമൂഹിക പ്രത്യാഘാത കാര്യ നിർവ്വഹണ പദ്ധതി-പ്രധാനപ്പെട്ട മേൽനോട്ട വിലയിരുത്തൽ സൂചകങ്ങൾ
1.15. സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ

## അനുബന്ധരേഖകൾ

1. പദ്ധതി ബാധിതരുടെ പേരു വിവരങ്ങൾ
2. ഫോട്ടോഗ്രാഫ്
3. ഗസറ്റ് നോട്ടിഫിക്കേഷൻ

**ചിലവന്നൂർ ബണ്ട് റോഡ്**
**പാലം നിർമ്മാണം**
**പൂണിത്തുറ വില്ലേജ്, കണയന്നൂർ താലൂക്ക്, എറണാകുളം ജില്ല**
**0.1127 ഹെക്ടർ**

## അദ്ധ്യായം 1
## പഠന റിപ്പോർട്ട്- രത്ന ചുരുക്കം

### 1.1. ആമുഖം - പദ്ധതിയും പൊതു ആവശ്യവും

കൊച്ചി നഗരത്തിലെ പ്രധാന കനാലുകളെ പുനഃരുജ്ജീവിപ്പിക്കുന്നതിനും, നഗരത്തിലെ വെള്ളക്കെട്ടിനു ശാശ്വതമായ പരിഹാരം കാണുന്നതിനും, നഗരത്തിലെ മലിനജല സംസ്കരണത്തിനും, കനാലുകളിൽ പണ്ട് നിലവിലുണ്ടായിരുന്ന ജല ഗതാഗതം പുനഃസ്ഥാപിക്കുന്നതിനും വേണ്ടി സംസ്ഥാന സർക്കാർ വിഭാവനം ചെയ്ത പദ്ധതിയാണ് "നഗര പുനരുജ്ജീവനവും സമയോചിത ജല ഗതാഗതവും പദ്ധതി" അഥവാ ഇന്റഗ്രേറ്റഡ് അർബൻ റീജനറേഷൻ ആൻഡ് വാട്ടർ ട്രാൻസ്പോർട്ട് സിസ്റ്റം പ്രൊജക്റ്റ് (IURWTS PROJECT). പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് നെയാണു ചുമതലപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി 7 കനാലുകളാണ്- ഇടപ്പള്ളി കനാൽ, ചിലവന്നൂർ കനാൽ, തേവര കനാൽ, പേരണ്ടൂർ കനാൽ, മാർക്കറ്റ് കനാൽ, കോന്തുരുത്തി കനാൽ, മംഗള വനം കനാൽ, നവീകരിക്കുന്നത്. പ്രസ്തുത പദ്ധതിക്ക് വേണ്ടി 1528.27 കോടി രൂപയുടെ ഭരണാനുമതി 12/02/2021-യിൽ നൽകിയിട്ടുള്ളതാണ്. പദ്ധതിയുടെ ഭാഗമായി ചിലവന്നൂർ ടാങ്ക് ബണ്ട് റോഡ് പാലത്തിന്റെ നിർമ്മാണ പ്രവർത്തികൾ ദ്രുത ഗതിയിൽ പുരോഗമിച്ചു കൊണ്ടരിക്കുകയാണ്. നിലവിൽ ബണ്ട് റോഡിൽ നിലകൊള്ളുന്ന പാലം അശാസ്ത്രീയമായി നിർമ്മിച്ചത് മൂലം, കനാലിലെ നീരൊഴുക്കു തടസ്സപ്പെടുന്നതായി കണ്ടെത്തിയിരുന്നു. കൊച്ചി നഗരത്തിൽ അടിക്കടി ഉണ്ടാകുന്ന വെള്ളക്കെട്ടിന് ഒരു പ്രധാന കാരണം ഇതാണെന്നു മനസിലാക്കി കനാലിലെ നീരൊഴുക്ക് സുഗമമായി നടക്കുന്നതിനു വേണ്ടി നിലവിലെ പാലം പൊളിച്ചു കൂടുതൽ വീതിയിൽ നിർമ്മിക്കുന്നതിന് വേണ്ടി സർക്കാർ അനുമതി നൽകുകയായിരുന്നു.

പ്രസ്തുത പാലം പുനർ നിർമ്മിക്കുന്നതോടു കൂടി ചിലവന്നൂർ കായലിലെ നീരൊഴുക്ക് സുഗമമാകുകയും ജലഗതാഗത സംവിധാനങ്ങൾ ആരംഭിക്കുകയും ചെയ്യുന്നതായിരിക്കും.
പുനർ നിർമ്മിക്കുന്ന ബണ്ട് റോഡ് പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിന് വേണ്ടിയാണ് സ്ഥലമേറ്റെടുക്കുന്നത്.ആയതിന്റെ ഭാഗമായി പ്രസ്തുത ഏറ്റെടുക്കൽ ഭൂമിയിൽ ഒരു സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിന് കേരളാ വോളന്ററി ഹെൽത്ത് സർവ്വീസസ്സിനെ 2024 ഒക്ടോബർ 1-ാം തീയതിയിലെ ഗസറ്റ് വിഞ്ജാപനത്തിലൂടെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മേൽപറഞ്ഞ സാമൂഹ്യ പ്രത്യാഘാത പഠനത്തിന്റെ ഭാഗമായി തയ്യാറാക്കിയ കരട് റിപ്പോർട്ടാണ് ഇത്.

### 1.2. പദ്ധതി പ്രദേശം

കൊച്ചി കോർപ്പറേഷന്റെ ജനവാസമേഖലയായ അമ്പത്തി രണ്ട്, അമ്പത്തി ഏഴ് വാർഡുകളെ പരസ്പരം ബന്ധിപ്പിക്കുന്ന ചിലവന്നൂർ ബണ്ട് റോഡും സമീപ പ്രദേശങ്ങളും, ജനങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളാണ്. ചിലവന്നൂർ കനാലും വെള്ളക്കെട്ടുള്ള സമീപപ്രദേശങ്ങളും തീരദേശ പരിപാലന നിയമത്തിൻ കീഴിൽ വരുന്ന പ്രദേശങ്ങളാണ്. പഴയ ദേശീയപാതയുടെ ഭാഗമായ എം.ജി.റോഡിന്റെയും. ഇപ്പോഴത്തെ കന്യാകുമാരി - സേലം ദേശീയപാതയുടെയും ഇടയിൽ സ്ഥിതിചെയ്യുന്ന പദ്ധതി പ്രദേശം, താമസ്സ, വാണിജ്യ പ്രധാന സ്ഥലമാണ്. മത്സ്യബന്ധനം ഉപജീവനമാക്കിയ അനേകം കുടുംബങ്ങളും, വലിയ സാമ്പത്തിക മുന്നോക്കാവസ്ഥ.യിലുള്ള കുടുംബങ്ങളും പദ്ധതി പ്രദേശത്ത് കഴിയുന്നു.

### 1.3. ഭൂമി ഏറ്റെടുക്കൽ - വ്യാപ്തിയും നടപടിക്രമങ്ങളും

#### (എ). ഭൂമി ഏറ്റെടുക്കൽ അധികാരി

ഭൂമി ഏറ്റെടുക്കൽ പ്രത്യേക തഹസിൽദാർ (കൊച്ചി മെട്രോ) -2 ഓഫീസാണ് പദ്ധതി സംബന്ധമായ ഭൂരേഖകൾ തയ്യാറാക്കിയതും ഏറ്റെടുക്കൽ സംബന്ധമായ നടപടികൾ ആരംഭിച്ചതും. ഏറ്റെടുക്കുന്ന ഭൂമിയുടെ പ്രാഥമിക സ്കെച്ചുകൾ രൂപപ്പെടുത്തുകയും, അതിർത്തി കല്ലുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഡപ്യൂട്ടി കളക്ടർ (ഭൂമി ഏറ്റെടുക്കൽ കൊച്ചി മെട്രോ) ആണ് ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിപ്പിക്കുന്നത്.

#### (ബി).പദ്ധതി ബാധിതരുടെ സാമൂഹിക - സാമ്പത്തിക വിവരങ്ങൾ

പദ്ധതി ബാധിതരായ ഭൂഉടമസ്ഥർ എല്ലാവരും മധ്യവർഗ്ഗ സാമ്പത്തിക സ്ഥിതിയുള്ളവരും, ക്രിസ്ത്യൻ മത വിശ്വാസികളുമാണ്. അഞ്ച് പേരിൽ നാല് പേരും പദ്ധതി പ്രദേശത്ത് താമസിക്കുന്നവരാണ്. എല്ലാവരും സാക്ഷരരും പന്ത്രണ്ടാം തരത്തിന് മുകളിൽ വിദ്യാഭ്യാസ യോഗ്യതയുള്ളവരുമാണ്. മൂന്ന് പേർക്ക് ഡിഗ്രി വിദ്യാഭ്യാസമുണ്ട്. മാസവരുമാനം 20,000 രൂപയ്ക്ക് മുകളിലുള്ള എല്ലാവരും സ്വയം വ്യാപാര വ്യവസായ സംരംഭങ്ങളിൽ ഏർപ്പെട്ടവരാണ്. ഭൂഉടമസ്ഥരുടെ കുറഞ്ഞ പ്രായം 57 വയസ്സും കൂടിയത് 74 വയസ്സും ആണ്.

#### (സി). ഏറ്റെടുക്കുന്ന ഭൂമിയുടെ വിവരണം.

കൊച്ചി കോർപ്പറേഷന്റെ 52, 57 വാർഡുകളെ ബന്ധിപ്പിക്കുന്ന ചിലവന്നൂർ ചിറയുടെ അവസാനം തെക്ക് ഭാഗത്ത്, ഇപ്പോഴത്തെ റോഡിന്റെ ഇടത് ഭാഗത്ത് സ്ഥിതി ചെയ്യുന്ന പദ്ധതി പ്രദേശം തരിശ് ഭൂമിയാണ്. റവന്യു രേഖകളിൽ പുരയിടമായി സ്ഥിതിചെയ്യുന്ന ഭൂമി രണ്ട് സർവ്വേ നമ്പരുകളിലായി, നാല് സബ്ഡിവിഷനുകളിൽ സ്ഥിതി ചെയ്യുന്നു. തൈക്കുടം ബണ്ട് റോഡ് എന്നറിയപ്പെടുന്ന പദ്ധതി പ്രദേശം ഭൂമി ലഭ്യത തുലോം കുറവായ കൊച്ചി കോർപ്പറേഷനെ സംബന്ധിച്ച് വാണിജ്യപ്രധാന ഭൂമിയാണ്. കൊച്ചി പട്ടണത്തിലെ പ്രധാന

ജംഗ്ഷനായ വൈറ്റിലയിലേക്ക് കേവലം രണ്ട് കിലോമീറ്ററും, പ്രധാന താമസ മേഖലയായ പനമ്പിള്ളി നഗറിലേക്ക് കേവലം ഒരു കിലോമീറ്ററും മാത്രമാണ് പദ്ധതി പ്രദേശത്ത് നിന്നും ഉള്ളത്.

**1.4. പദ്ധതിയും നടപ്പാക്കൽ ഏജൻസിയും**

**(എ). നടപ്പാക്കൽ ഏജൻസി** - - കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് (കെ.എം.ആർ.എൽ)

അതിവേഗ ഗതാഗത രംഗത്ത് നൂതന ഗതാഗത മാർഗങ്ങൾ രൂപപ്പെടുത്തുന്നതിനു ആരംഭിച്ച സർക്കാർ പങ്കാളിത്ത സംരംഭം ആണ് കൊച്ചി മെട്രോ റെയിൽ കോർപറേഷൻ. ആരംഭത്തിൽ അതിവേഗറെയിൽ മേഖലയിൽ മാത്രം ആയിരുന്ന കൊച്ചി മെട്രോ റെയിൽ കോർപറേഷൻ ഇന്ന് ജലഗതാഗത മേഖലയിലേക്കും കടന്നു വന്നിരിക്കുന്നു. റെയിൽ, റോഡ്, ജലഗതാഗത സൗകര്യങ്ങളെ ബന്ധിപ്പിക്കുന്ന രാജ്യത്തെ ആദ്യത്തെ മെട്രോ സംവിധാനമാണ് കൊച്ചി മെട്രോ പദ്ധതി.

**(ബി).പദ്ധതി നിർവ്വഹണ ഘട്ടം**

പദ്ധതി സംബന്ധമായി ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കുകയും ഭൂമിയുടെ രൂപ രേഖ തയ്യാറാക്കുകയും അതിർത്തികല്ലുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

**(സി).പദ്ധതി രൂപരേഖയുടെ വിശദാംശങ്ങൾ**

ബാധകമല്ല

**(ഡി).പദ്ധതിക്ക് സഹായകരമായ മറ്റ് അടിസ്ഥാന സൗകര്യങ്ങളുടെ ആവശ്യകത**

ബാധകമല്ല

**(ഇ). ആവശ്യമായ തൊഴിലാളികളുടെ (സ്ഥിരം/ താൽക്കാലികം) ആവശ്യകത**

ബാധകമല്ല

**(എഫ്).സാമൂഹിക പ്രത്യാഘാത പഠനമോ, പരിസ്ഥിതി ആഘാത പഠനമോ മറ്റ് സാധ്യതാ പഠനങ്ങളോ നടത്തിയിട്ടുണ്ടെങ്കിൽ അതിന്റെ വിവരങ്ങൾ**

ബാധകമല്ല

**(ജി).പദ്ധതിയെ ബാധിക്കുന്ന നിയമങ്ങളും നയങ്ങളും**

| ക്രമ നം. | നിയമവും നയങ്ങളും | ബാധിക്കുന്ന മേഖല |
|---|---|---|
| 1. | ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധി | പ്രത്യാഘാത ലഘൂകരണം |

| | | |
|---|---|---|
| | വാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമവും ചട്ടങ്ങളും 2013 | |
| 2. | ഭൂമി ഏറ്റെടുക്കൽ നിയമം 1893<br>ഭൂമി ഏറ്റെടുക്കൽ നിയമം (കേരളാ ചട്ട ങ്ങൾ 1990)<br>ഭൂമി ഏറ്റെടുക്കൽ നിയമം 1961<br>ഭൂമി ഏറ്റെടുക്കൽ നിയമം<br>ചട്ടങ്ങൾ<br>ഗവൺമെന്റിന്റെ പുനരധിവാസ പുനസ്ഥാ പന നയം | ഭൂമി ഏറ്റെടുക്കൽ പുനരധിവാസവും പുനസ്ഥാ പനവും |
| 3 | കേരള തണ്ണീർത്തട സംരക്ഷണ നിയമം | തണ്ണീർത്തടങ്ങൾ വികസന കാര്യങ്ങൾക്ക് ഉപയോഗപ്പെടു ത്തുന്നത് സംബന്ധിച്ച് |

**1.5. പദ്ധതി സംബന്ധമായ ഇതര മാർഗ്ഗ നിർദ്ദേശങ്ങൾ**

പദ്ധതിക്ക് ബദൽ നിർദ്ദേശങ്ങൾ പഠനസമയത്ത് ആരും നിർദ്ദേശിച്ചില്ല.

## 1.6 സമീപനവും രീതി ശാസ്ത്രവും

**(എ). പശ്ചാത്തലം**

സി.11-982/24-തീയതി 25, സെപ്റ്റംബർ 2024, നോട്ടിഫിക്കേഷൻ, കേരള ഗസറ്റ് വിജ്ഞാപനം നമ്പർ 3096 തീയതി 01, ഒക്ടോബർ 2024 പ്രകാരം, കേരള സർക്കാർ കേരളാ വോളന്ററി ഹെൽത്ത് സർവ്വീസിനെ എറണാകുളം ജില്ലയിലെ കണയന്നൂർ താലൂക്കിൽ പൂണിത്തുറ വില്ലേജിൽപ്പെട്ട ഭൂമി ആതായത് ചിലവന്നൂർ ബണ്ട് റോഡ് പാലം നിർമ്മാണ പദ്ധതിയുടെ സാമൂഹിക പ്രത്യാഘാത പഠനം നടത്തുന്നതിനുള്ള യൂണിറ്റ് ആയി ഗവൺമെന്റ് ഗസറ്റിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ സാമൂഹിക പ്രത്യാഘാത യൂണിറ്റ് രൂപപ്പെടുത്തി.

**(ബി).സാമൂഹിക പ്രത്യാഘാത പഠന യൂണിറ്റ് ടീമിന്റെ ഘടനയും വിവരങ്ങളും**

| **ക്രമ നം.** | **പേര്, മേൽവിലാസം** | **ടീമിലെ സ്ഥാനം** | **പ്രവർത്തന പരിചയവും മറ്റ് വിവരങ്ങളും** |
|---|---|---|---|
| 1. | സാജു. വി.ഇട്ടി | റ്റീം ലീഡർ | 32 വർഷം സാമൂഹിക സേവന മേഖലയിൽ ഉള്ള പ്രവർത്തന പരിചയം. പുനരധിവാസ പുനസ്ഥാപന പ്രവർത്തനങ്ങളിലും സാമൂഹിക വിവരശേഖരണത്തിലും ഗവേഷണത്തിലും ഉള്ള പ്രവർത്തി പരിചയം. |
| 2. | രാകേഷ് ആർ. നായർ | പുനരധിവാസ പുന സ്ഥാപന വിദഗ്ദൻ | 15 വർഷത്തെ പ്രവർത്തന പരിചയം |

| | | | |
|---|---|---|---|
| | | സാമൂഹിക വിവരശേഖകൻ | |
| 3. | സ്മിത ആർ | പുനരധിവാസ പുനസ്ഥാപന വിദഗ്ദ, സാമൂഹിക വിവരശേഖക | 22 വർഷത്തെ പ്രവർത്തന പരിചയം |
| 4. | ഷീബ ജോൺസൻ | ഡേറ്റ അനലൈസർ & വിവര ക്രോഡീകരണം | 30 വർഷത്തെ പ്രവർത്തി പരിചയം |
| 5. | എം.ഇബ്രാഹിം കുട്ടി | സാമൂഹിക ശാസ്ത്ര ജ്ഞൻ | Rtd. ജോയിന്റ് ഡയറക്ടർ സോഷ്യൽ വെൽഫെയർ ബോർഡ് 35 വർഷത്തെ പ്രവർത്തി പരിചയം |
| 6. | എൻ.വിജയകുമാര പിള്ള | ഉപദേശകൻ- ഭൂമി ഏറ്റെടുക്കൽ | Rtd. റവന്യു ഇൻസ്പെക്ടർ |
| 7. | ഒ.സി.ചാണ്ടി | ഉപദേശകൻ- ഭൂമി ഏറ്റെടുക്കൽ | Rtd. വില്ലേജ് ഓഫീസർ |

### (സി).പഠന സമീപനം

ആകെ പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കുന്നത് 0.1127 ഹെക്ടർ ഭൂമിയാണ്. പഠനത്തിന്റെ ഭാഗമായി പ്രധാനപ്പെട്ട പദ്ധതി പങ്കാളികളെ സാമൂഹിക വിശകലനത്തിലൂടെ കണ്ടെത്തുകയും അവരുമായി ആശയ വിനിമയ സംവിധാനം രൂപപ്പെടുത്തുകയും പഠനത്തിന് അവരുടെ പങ്കാളിത്തം ഉറപ്പു വരുത്തുകയും ചെയ്തു. തുടർന്ന് വില്ലേജ് ഓഫീസ്, താലൂക്ക് ഓഫീസ്, കോർപ്പറേഷൻ എന്നിവിടങ്ങളിൽ നിന്ന് വിവരങ്ങൾ ശേഖരിക്കുകയും പദ്ധതി ബാധിതരുടെ വിവരശേഖരണത്തിനായി ഒരു ചോദ്യാവലി തയ്യാറാക്കുകയും ഉണ്ടായി. തയ്യാറാക്കിയ ചോദ്യാവലി ഉപയോഗിച്ച് ഓരോ പദ്ധതി ബാധിത കുടുംബത്തെയും സന്ദർശിച്ച് സാമൂഹിക-സാമ്പത്തിക- സാംസ്കാരിക വിവരശേഖരണം നടത്തുകയും ആയത് ക്രോഡീകരിച്ച് വിശകലനം നടത്തുകയും ഉണ്ടായി. പദ്ധതി ബാധിതർക്ക് വേണ്ടി ആവശ്യമായ വ്യക്തിഗത പഠനങ്ങൾ നടത്തുകയും വിവരശേഖരണം ലക്ഷ്യമിട്ട് പദ്ധതി പ്രദേശങ്ങളിലൂടെ യാത്രകൾ സംഘടിപ്പിക്കുകയും ഉണ്ടായി. ജനപ്രതിനിധികളുമായി ഒറ്റയ്ക്കും കൂട്ടായും കൂടിയാലോചനകൾ നടത്തുകയും അഭിപ്രായങ്ങൾ സ്വീകരിക്കുകയും ചെയ്തു.

### (ഡി). നടപടികളും സമയക്രമങ്ങളും

01/10/2024-സാമൂഹിക പ്രത്യാഘാത പഠന സംബന്ധമായ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.
08/10/2024 - വിജ്ഞാപനം സംബന്ധമായ അറിയിപ്പ് ഇ-മെയിലിൽ ലഭ്യമായി
10/10/2024 - സെക്കണ്ടറി വിവര ശേഖരണം
14/10/2024 - പദ്ധതി പങ്കാളികളെ / താൽപ്പര്യമുള്ളവരെ കണ്ടെത്തൽ
15/10/2024 - 'ട്രാൻസിറ്റ് വോക്ക്, ഒബ്സർവേഷണൽ സ്റ്റഡി, വ്യക്തിഗത പഠനങ്ങൾ
16/10/2024 - സാമൂഹിക സർവ്വേ
19/10/2024 - കരട് റിപ്പോർട്ട്

## ഇ. പദ്ധതി ബാധിതരുമായുള്ള കൂടിക്കാഴ്ചയിൽ ഉന്നയിക്കപ്പെട്ട പ്രധാന അഭിപ്രായങ്ങൾ

1. സമയബന്ധിതമായ ഭൂമി ഏറ്റെടുക്കൽ പ്രത്യാഘാതം കുറയ്ക്കാൻ സഹായകമാണ്.
2. ഭൂമിയുടെ നഷ്ടപരിഹാരത്തുക ഭൂവുടമകളുമായി കൂടിയാലോചിച്ച് നിശ്ചയിക്കേണ്ടതാണ്.
3. പദ്ധതി രൂപരേഖയും, ലവൽസ് സംബന്ധമായ വിവരങ്ങളും, പദ്ധതി ബാധിതരുമായി പങ്കുവയ്ക്കുകയും അവരുടെ സംശയങ്ങൾ ദൂരീകരിക്കുകയും വേണം.
4. പുനരധിവാസ- പുനർവാസ നടപടികൾ ഭൂമി ഏറ്റെടുക്കലിന് മുമ്പ് നടപ്പിലാക്കണം.
5. ഇപ്പോഴത്തെ പ്രവേശനമാർഗ്ഗങ്ങൾ പൂർണ്ണമായും പുനസ്ഥാപിച്ച് നൽകണം.
6. നഷ്ടപ്പെടുന്ന ഭൂമിക്കും, ചമയങ്ങൾക്കും ന്യായമായ നഷ്ടപരിഹാരം നൽകണം.
7. പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ സംബന്ധമായും, നടത്തിപ്പ് സംബന്ധമായും ഉള്ള വിവരങ്ങൾ കൃത്യമായ ഇടവേളകളിൽ പദ്ധതിബാധിതരെ അറിയിക്കണം.
8. പുനരധിവാസവും- പുനർവാസവും നടപടികൾ മുൻകൂട്ടി പദ്ധതി ബാധിരെ അറിയിച്ച് അവരുടെ പങ്കാളിത്തം ഉറപ്പ് വരുത്തണം.

### 1.7. പദ്ധതി പ്രദേശത്ത് ഉണ്ടായേക്കാവുന്ന പൊതുവായ പ്രത്യാഘാതം

പദ്ധതി ബണ്ട് റോഡിലൂടെയുള്ള ഗതാഗതം ക്രമാതീതമായി വർദ്ധിപ്പിക്കുകയും ആയത് ബണ്ട് റോഡിന് ശേഷമുള്ള പ്രദേശങ്ങളിലെ ഇടുങ്ങിയ റോഡുകളിൽ ഗതാഗത തടസ്സം സൃഷ്ടിക്കുകയും ചെയ്യും. കൂടാതെ ഉയർന്ന അളവിലുള്ള ഗതാഗതം, റോഡിന്റെ വശങ്ങളിൽ താമസിക്കുകയും, വ്യാപാരം ചെയ്യുകയും ചെയ്യുന്നവരുടെ സുരക്ഷിതത്വത്തിന് കുറവ് ഉണ്ടാക്കും. എന്നാൽ പ്രാദേശിക വികസനം സാധ്യമാവുകയും ഭൂമി വില, വ്യാപാരം ഇവ വർദ്ധിപ്പിക്കുകയും ചെയ്യും.

### 1.8. പദ്ധതി നേരിട്ടല്ലാതെ ബാധിക്കപ്പെടുന്ന കുടുംബങ്ങൾ

പദ്ധതി നേരിട്ടല്ലാതെ ബാധിക്കുന്ന പദ്ധതി ബാധിതർ ആരും തന്നെ ഇല്ല എന്ന് പറയാം. എന്നാൽ പദ്ധതി മൂലം ഉണ്ടാവുന്ന ഗതാഗത സൗകര്യ വികസനം ആ പ്രദേശത്തെ എല്ലാ ഭവനങ്ങൾക്കും ബണ്ട് റോഡ് ഗതാഗതത്തിന് ഉപയോഗപ്പെടുത്തുന്ന എല്ലാവർക്കും പ്രയോജനകരമാണ്.

### 1.9. പദ്ധതി ബാധിക്കുന്ന പൊതു ഉപയോഗ വസ്തുക്കളുടെയും പൊതു സ്വത്തിന്റെയും വിവരണം.

ബാധകമല്ല

### 1.10. സാമൂഹിക പ്രത്യാഘാതം

അഞ്ച് പദ്ധതിബാധിതർക്ക് ഭൂമി നഷ്ടം, പുറമ്പോക്ക് ഭൂമിയിൽ ഉണക്കമീൻ കച്ചവടം നടത്തുന്ന കടയുടെ നഷ്ടം എന്നിവയാണ് പദ്ധതിയുടെ നേരിട്ടുള്ള പ്രത്യാഘാതം. കഴിഞ്ഞ 30 വർഷത്തിൽ അധികമായി ഉടമസ്ഥാവകാശമുള്ള ഭൂമിയാണ് പദ്ധതി ഭൂമി എന്ന് ഭൂഉടമസ്ഥരായ പദ്ധതിബാധിതർ അവകാശപ്പെടുന്നു. സ്വകാര്യഭൂമിയിലും, പുറമ്പോക്കിലുമായി ഉണക്കമീൻ കച്ചവടം ചെയ്യുന്ന വ്യക്തിക്ക് താൻ കഴിഞ്ഞ അഞ്ച് വർഷത്തിൽ അധികമായി രൂപപ്പെടുത്തിയ ഉപഭോക്താക്കളെ പദ്ധതിഭൂമിയിൽ നിന്നും കച്ചവടം മാറ്റി സ്ഥാപിക്കുന്നതിലൂടെ നഷ്ടപ്പെടാൻ സാധ്യതയുണ്ട്.

### 1.11. പ്രത്യാഘാത ലഘൂകരണം

| ക്രമ നം. | ഉണ്ടാകാവുന്ന നഷ്ടം | സമീപനം | സാധ്യമായ ലഘൂകരണ നടപടികൾ |
|---|---|---|---|
| 1. | ഭൂമിയുടെ നഷ്ടം | നഷ്ടപരിഹാരം | നഷ്ട പരിഹാരം നൽശുക |
| 2. | ചമയങ്ങളുടെ നഷ്ടം | നഷ്ട പരിഹാരം | നഷ്ട പരിഹാരം നൽശുക |
| 3. | ഭൂമിയിലേക്കുള്ള പ്രവേശനമാർഗ്ഗങ്ങളുടെ നഷ്ടം | നിയന്ത്രണം/ പുനർനിർമ്മാണം | ഓരോ പ്രവേശനമാർഗ്ഗങ്ങളെക്കുറിച്ചും പഠനം നടത്തി പുനരധിവാസ-പുനർവാസ രൂപരേഖയിൽ ഉൾപ്പെടുത്തുക. |
| 4. | കനാലിന്റെ നഷ്ടം | പുനസ്ഥാപനം | പുനസ്ഥാപനം |
| 6. | പദ്ധതി ബാധിതരെ ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങളിൽ ഉൾപ്പെടുത്തുക. | നിയന്ത്രണം | നടപടി ക്രമങ്ങളിൽ പദ്ധതി ബാധിതരുടെ പങ്കാളിത്തം ഉറപ്പു വരുത്തുക. |
| 7. | പരാതി പരിഹാരം | നിയന്ത്രണം | പ്രഒക്തത്തന നിരതമായ പരാതി പരിഹാര കമ്മറ്റി ജില്ലാ തലത്തിലും പഞ്ചായത്ത് തലത്തിലും പ്രവർത്തിക്കുക. |

### 1.12. പ്രത്യാഘാത ലഘൂകരണ നടപടികൾ

| ക്രമ നം. | ഉണ്ടാകാവുന്ന നഷ്ടം | പോസിറ്റീവ്/ നെഗറ്റീവ് | സാധ്യതാ നിലവാരം | പ്രത്യാഘാത തീവ്രഃ | പ്രത്യാഘാതം - ലഘൂകരണത്തിന് മുമ്പ് | പ്രത്യാഘാതം - ലഘൂകരണത്തിന് ശേഷം | സാധ്യമായ ലഘൂകഌം നടപടികൾ |
|---|---|---|---|---|---|---|---|
| 1. | ഭൂമിയുടെ നഷ്ടം | നെഗറ്റീവ് | സാധ്യമാണ് | മധ്യമം | മധ്യമം | കുറഞ്ഞ | നഷ്ട പരിഹാരം നൽകുക |

| | | | | | | | |
|---|---|---|---|---|---|---|---|
| 2. | ചമയങ്ങളുടെ നഷ്ടം | നെഗറ്റീവ് | സാധ്യമാണ് | കുറഞ്ഞ | കുറഞ്ഞത് | കുറഞ്ഞ | നഷ്ട പരിഹാരം നൽകുക |
| 3. | ഭൂമിയിലേക്കുള്ള പ്രവേശനമാർഗ്ഗങ്ങളുടെ നഷ്ടം | നെഗറ്റീവ് | സാധ്യമാണ് | വളരെ ഉയർന്ന | മധ്യമം | കുറഞ്ഞ | ഓരോ പ്രവേശന മാർഗ്ഗങ്ങളെക്കുറിച്ചും പഠനം നടത്തി പുനരധിവാസ-പുനർവാസ രൂപരേഖയിൽ ഉൾപ്പെടുത്തുക. |
| 4. | കനാലിന്റെ നഷ്ടം | നെഗറ്റീവ് | സാധ്യമാണ് | കുറഞ്ഞ | ലഘുവായ | കുറഞ്ഞ | പുനസ്ഥാപനം |
| 6. | പദ്ധതി ബാധിതരെ ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങളിൽ ഉൾപ്പെടുത്തുക. | പോസിറ്റീവ് | സാധ്യമാണ് | കുറഞ്ഞ | ലഘുവായ | മധ്യമം | നടപടി ക്രമങ്ങളിൽ പദ്ധതി ബാധിതരുടെ പങ്കാളിത്തം ഉറപ്പുവരുത്തുക. |
| 7. | പരാതി പരിഹാരം | നെഗറ്റീവ് | സാധ്യമാണ് | വളരെ ഉയർന്ന | മധ്യമം | മധ്യമം | പ്രവർത്തന നിരതമായ പരാതി പരിഹാര കമ്മറ്റി ജില്ലാ തലത്തിലും പഞ്ചായത്ത് തലത്തിലും പ്രവർത്തിക്കുക. |

**1.13. സാമൂഹ്യ പ്രത്യാഘാത പരിഹാര നിർമ്മാണ പദ്ധതിയുടെ സ്ഥാപന ഘടനാ സംവിധാനം**

| **സാമൂഹ്യ പ്രത്യാഘാത പരിഹാര ഉത്തരവാദിത്തം** | **നിർവ്വഹിക്കുന്ന പ്രധാന വ്യക്തികൾ** |
|---|---|
| ജില്ലാ കളക്ടർ | നഷ്ട പരിഹാര നിർണ്ണയവും പരാതി പരിഹാരവും |
| ഡെപ്യൂട്ടി കളക്ടർ (ഭൂമി ഏറ്റെടുക്കൽ) | ഭൂമി ഏറ്റെടുക്കൽ, നഷ്ട പരിഹാര |

| | |
|---|---|
| | നിർണ്ണയം |
| സ്പെഷ്യൽ തഹസിൽദാർ | ഭൂമി ഏറ്റെടുക്കൽ, നഷ്ട പരിഹാര നിർണ്ണയം |
| കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് | നടപ്പാക്കൽ ഏജൻസി |
| ജില്ലാ ഫോറസ്റ്റ് ഓഫീസർ | മരങ്ങളുടെ നഷ്ടപരിഹാരം നിർണ്ണയിക്കൽ |
| കൃഷി ഓഫീസർ | കാർഷിക വിളകളുടെ നഷ്ട പരിഹാരം നിർണ്ണയിക്കൽ |
| റിക്വസിഷൻ അധികാരികൾ | പുനരധിവാസവും പുനസ്ഥാപനവും |

**1.14. സാമൂഹിക പ്രത്യാഘാത കാര്യ നിർവ്വഹണ പദ്ധതി-പ്രധാനപ്പെട്ട മേൽനോട്ട വിലയിരുത്തൽ സൂചകങ്ങൾ**

- ഭൂവുടമകളുടെ ജില്ലാ തല പർച്ചേസിംഗ് കമ്മറ്റി മീറ്റിംഗിൽ ഉള്ള പങ്കാളിത്തം
- നഷ്ടപരിഹാരം കണക്കാക്കുവാൻ ഉപയോഗിച്ച മാനദണ്ഡങ്ങൾ.
- പരാതി പരിഹാര സമിതിയുടെ രൂപീകരണം.
- പുനരധിവാസത്തിനും പുനസ്ഥാപനത്തിനും വേണ്ടി വരുന്ന സമയം.
- നഷ്ടപരിഹാര വിനയോഗം
- പരാതി പരിഹാര സമിതി നടത്തിയ യോഗങ്ങൾ, തീരുമാനങ്ങൾ
- കോടതി കേസുകളുടെ എണ്ണം

**1.15. സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ**

ഒരു പുറമ്പോക്ക് വ്യാപാര സ്ഥാപനത്തിന്റെ നഷ്ടം, അഞ്ച് ഭൂഉടമസ്ഥർക്ക് ഭൂമി നഷ്ടം എന്നിവയാണ് പദ്ധതിയുടെ പ്രത്യക്ഷ പ്രത്യാഘാതം എന്നതിനാൽ പ്രത്യാഘാത തീവ്രത തുലോം കുറവ് എന്ന് കണക്കാക്കാവുന്നതാണ്. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരം, പുനരധിവാസം എന്നിവയ്ക്ക് 2013 ലെ ഭൂമി ഏറ്റെടുക്കൽ നിയമം അനുശാസിക്കുന്ന നഷ്ടപരിഹാരം, പുനരധിവാസം എന്നീ നടപടികളിലൂടെ പ്രത്യാഘാതം കുറയ്ക്കാൻ സാധിക്കും. കൂടാതെ വർഷങ്ങളായി തരിശായി കിടക്കുന്ന ഭൂമി പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കുന്നതിലൂടെ ഗതാഗത സൗകര്യം ഉൾപ്പെടെയുള്ള പ്രാദേശിക വികസനം സാധ്യമാവും. കൊച്ചി മെട്രോ റെയിൽ കോർപ്പറേഷൻ നടപ്പാക്കുന്ന വാട്ടർ മെട്രോ പദ്ധതിയുടെ ഭാഗമായ ചിലവന്നൂർ ബണ്ട് റോഡ് നിർമ്മാണത്തിനാണ് പദ്ധതി ഭൂമി ഏറ്റെടുക്കുന്നത് എന്നതിനാലും, പദ്ധതി പ്രദേശത്തിന്റെ സമഗ്ര വികസനത്തിന് ഏറ്റെടുക്കൽ സഹായകരമാകും എന്നതിനാലും പദ്ധതിയുടെ പൊതുതാത്പര്യം സുവ്യക്തമാണ്.

പദ്ധതി ചിലവന്നൂർ ബണ്ട് റോഡിന്റെ പാലം നിർമ്മാണവുമായി ബന്ധപ്പെട്ട ഗതാഗത സൗകര്യ പുരോഗതിക്കാണ് എന്നതിനാൽ ബദൽ നിർദ്ദേശങ്ങൾ പ്രായോഗികമല്ല.

സമയ ബന്ധിതമായ ഏറ്റെടുക്കലും ന്യായമായ നഷ്ടപരിഹാരവും ആണ് പദ്ധതിബാധിതർ മുന്നോട്ട് വയ്ക്കുന്ന പ്രത്യാഘാത ലഘൂകരണ മാർഗ്ഗങ്ങൾ.

മേൽപ്പറഞ്ഞ കാര്യങ്ങൾ സൂചിപ്പിക്കുന്നത് 2013 ലെ ഭൂമി ഏറ്റെടുക്കൽ നിയമം, തുടർന്ന് സംസ്ഥാന സർക്കാർ രൂപപ്പെടുത്തിയ ചട്ടങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ പദ്ധതി നടത്തിപ്പിന് ആവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടുകളിലൂടെ ഗവൺമെന്റിന് മുന്നോട്ട് പോകാവുന്നതാണ്, എന്നാണ്.

**ചെയർമാൻ**
**സാമൂഹ്യ പ്രത്യാഘാത യൂണിറ്റ്**

## അനുബന്ധരേഖകൾ

1. **പദ്ധതി ബാധിതരുടെ പേരു വിവരങ്ങൾ**
2. **ഫോട്ടോഗ്രാഫ്**
3. **ഗസറ്റ് നോട്ടിഫിക്കേഷൻ**

അനുബന്ധം - 1

<u>പദ്ധതി ബാധിതരുടെ പേരു വിവരങ്ങൾ</u>

## ചിലവന്നൂർ ബ ് റോഡ് ബ്രിഡ്ജ് നിർമ്മാണം
### പൂണിത്തുറ വില്ലേജ്, കണയന്നൂർ താലൂക്ക്, എറണാകുളം ജില്ല
### (0.1127 ഹെക്ടർ)

ഭൂമിയിലോ, ചമയങ്ങളിലോ ഉടമസ്ഥാവകാശമുള്ള പദ്ധതി ബാധചഃക്ത

| ക്രമ നം. | സർവ്വേ /നമ്പർ | പേരും മേൽവിലാസവും | ഫോൺ നമ്പർ | ബാധിക്കപ്പെടുന്ന വസ്തുവിന്റെ വിവരണം |
|---|---|---|---|---|
| 1 | 1482/1<br>1073/3 | ആന്റണി മകൻ ജോർജ്<br>ജോർജ് സി.എ.<br>ചിങ്ങന്തറ ഹൗസ്, കാരുകുന്ന്,<br>യു.സി.കോളേജ് പി.ഒ.<br>ആലുവ 683 102 | 9946361430 | സ്ഥലം, |
| 2 | 1073/11<br>1482/2 | എ.ആർ. ജോസഫ്<br>എ.ആർ. ആന്റണി<br>എ.ആർ.തോമസ് ജെയിംസ്<br>എ.ആർ. ഫ്രാൻസിസ് സേവ്യർ<br><br>അടിച്ചിയിൽ ഹൗസ്,<br>വൈറ്റില പി.ഒ. - 682 019 | 9895048083<br>9995181734<br>9847420707<br>9895458040 | സ്ഥലം, |
| 3 | | അറിയപ്പെടാത്ത വസ്തു റ്റി.വി | | |
| 4 | | റ്റി.വി. വത്സല<br>c/o റ്റി.വി. മുരളീധരൻ<br>പൂളത്ത്തൊ ിയിൽ ഹൗസ്<br>തൈക്കൂടം ബ ് റോഡ്<br>വൈറ്റില പി.ഒ. - 682 019 | 8113947991<br>9387612293 | കട |

അനുബന്ധം - 2

# PHOTOGRAPHS










©
കേരള സർക്കാർ
Government of Kerala
2024

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 13<br>Vol. XIII | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2024 ഒക്ടോബർ 01<br>01st October 2024<br>1200 കന്നി 15<br>15th Kanni 1200<br>1946 ആശ്വിനം 9<br>9th Aswina 1946 | നമ്പർ<br>No. 3096 |

ഫോറം നമ്പർ 4

[റൂൾ 11(3) കാണുക]

### വിജ്ഞാപനം

നമ്പർ: C11-982/24

*2024 സെപ്റ്റംബർ 25.*

താഴെ പട്ടികയിൽ വിവരിച്ച പ്രകാരമുള്ള ഭൂമി ഒരു പൊതു ആവശ്യത്തിന്, അതായത് ഇന്റഗ്രേറ്റഡ് അർബൻ റീജനറേഷൻ & വാട്ടർ ട്രാൻസ്പോർട്ട് സിസ്റ്റം (IURWTS) പദ്ധതി, ചിലവന്നൂർ ബണ്ട് റോഡ് ബ്രിഡ്ജ് നിർമ്മാണത്തിനുവേണ്ടി എറണാകുളം ജില്ലയിലെ പൂണിത്തുറ വില്ലേജിലായി 0.1127 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് ആവശ്യമുണ്ടെന്നോ, ആവശ്യമുണ്ടാകാനിടയുണ്ടെന്നോ, കേരള സർക്കാരിന് ബോധ്യപ്പെട്ടതുകൊണ്ടും;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

2013-ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ നിയമം വകുപ്പ് 4(1) പ്രകാരം (2013 ലെ കേന്ദ്ര നിയമം 30) നിക്ഷിപ്തമായ അധികാരം ഉപയോഗിച്ചുകൊണ്ട് കേരള സർക്കാർ താഴെ പട്ടികയിൽ ചേർത്തിരിക്കുന്ന ഭൂമി സംബന്ധിച്ച് ഒരു സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിന് തീരുമാനിച്ചിട്ടുള്ളതാണ്;

ആയതുകൊണ്ട് ഇപ്പോൾ എറണാകുളം ജില്ലയിലെ ബന്ധപ്പെട്ട പ്രദേശങ്ങളിൽ നിയമാനുസൃതം സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനും, ഒരു സാമൂഹിക പ്രത്യാഘാത നിർവ്വഹണ പദ്ധതി തയ്യാറാക്കുന്നതിനും കേരള വോളന്ററി ഹെൽത്ത് സർവ്വീസസ്, മുളങ്കുഴി എന്ന സ്ഥാപനത്തെ സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റ് എന്ന നിലയ്ക്ക് അധികാരപ്പെടുത്തിയിരിക്കുന്നു. മേൽ പ്രവൃത്തി ഏതു സാഹചര്യത്തിലും 45 ദിവസത്തിനുള്ളിൽ പൂർത്തീകരിക്കേണ്ടതാണ്.

**പട്ടിക**

*(ഏകദേശ വിസ്തീർണ്ണം ചേർത്തിരിക്കുന്നു.)*

*ജില്ല*-എറണാകുളം.

*താലൂക്ക്*-കണയന്നൂർ. *വില്ലേജ്*-പൂണിത്തുറ.

| *ക്രമ നമ്പർ* | *ബ്ലോക്ക് നമ്പർ* | *സർവ്വെ നമ്പർ* | *വിവരണം* | *വിസ്തീർണ്ണം (ഹെക്ടർ)* |
|---|---|---|---|---|
| 1 | -- | 1482/1pt | പുരയിടം | 0.0067 |
| 2 | | 1482/2 | | 0.0263 |
| 3 | | 1073/3pt | | 0.0485 |
| 4 | | 1073/11pt | | 0.0312 |
| | | | ആകെ | **0.1127** |

(ഒപ്പ്)

ജില്ലാ കളക്ടർ

*എറണാകുളം.*

FORM NO.4
[See rule 11(3)]

## NOTIFICATION

No. C11-982/24. 25th September, 2024.

WHEREAS, it appears to the Government of Kerala that the land specified in the Schedule below is needed or likely to be needed for a public purpose, to wit for the land acquisition of 0.1127 Ha. of land in Poonithura Village of Ernakulam District for the construction of Chilavannur Bund Road Bridge, Under Integrated Urban Regeneration & Water Transport System (IURWTS) Project.

AND WHEREAS, in exercise of the powers conferred in sub-section (1) of section 4 of the Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act, 2013 (Central Act 30 of 2013), Government of Kerala have decided to conduct Social Impact Assessment in the area specified in the schedule below;

NOW, THEREFORE, sanction is accorded to the Social Impact Assessment Unit viz, Kerala Voluntary Health Service, Mulankuzhy to conduct a Social Impact Assessment Study and to prepare a Social Impact Management Plan as provided in the Act, The process shall be completed within a period of 45 days in any case.

SCHEDULE

*(The extent given is approximate)*

*District*–Ernakulam.

*Taluk*–Kanayannur. *Village*–Poonithura.

| *Sl.No.* | *Block No.* | *Survey No.* | *Description* | *Extent (Ha.)* |
|---|---|---|---|---|
| 1 | | 1482/1pt | Dry | 0.0067 |
| 2 | | 1482/2 | | 0.0263 |
| 3 | | 1073/3pt | | 0.0485 |
| 4 | | 1073/11pt | | 0.0312 |
| | | | **Total** | **0.1127** |

(Sd.)

DISTRICT COLLECTOR,
*Ernakulam.*

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2024

Digitally signed by VEERAN T
Date:2024.10.01 07:12:06 +05:3

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/